**പതിനാലാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2029 **05.05.2017**- ലെ മറുപടിക്ക്

**ഇന്ദിരാ ആവാസ് യോജന പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് തുക അനുവദിക്കാൻ നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആർ. രാജേഷ്** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഇന്ദിരാ ആവാസ് യോജന പദ്ധതിയിൽ ഉൾപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് 2014-15, 2015-16 കാലയളവിൽ എസ്.സി/എസ്.റ്റി ഡിപ്പാർട്ടുമെന്റ് നൽകേണ്ട തുക നാളിതുവരെയായും നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇന്ദിര ആവാസ് യോജന പദ്ധതിയിലുൾപ്പെട്ട പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് 2014-15 വരെയുള്ള അധികധനസഹായ ഇനത്തിൽ 178.335 കോടി രൂപയും 2015-16 വർഷത്തിൽ 203 കോടി രൂപയും ചേർത്ത് ആകെ 381.335 കോടി രൂപ ബാദ്ധ്യതയുണ്ടായിരുന്നു. 7.10.2016 ലെ 2850/2016 തഭവ ഉത്തരവ് പ്രകാരം ടി തുക തദ്ദേശഭരണ സ്ഥാപനങ്ങളുടെ SCP പദ്ധതി വിഹിതത്തിൽ നിന്നു വിനിയോഗിക്കുവാൻ അനുമതി നൽകി. ടി നടപടിക്കുശേഷവും ബാക്കി വന്ന ബാദ്ധ്യതയായ 107 കോടി രൂപ 2016-17 വർഷത്തിൽ പട്ടികജാതി വികസന വകുപ്പിൽ നിന്നു ഗ്രാമ വികസന വകുപ്പിനു നല്കിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽ പ്പെട്ടവർക്ക് 6.5077 കോടി രൂപ കൂടി ഈ ഇനത്തിൽ ഗ്രാമവികസന വകുപ്പിനു നൽകുവാനുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഈ തുക അടിയന്തരമായി അനുവദിച്ച് വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | 2015-16 സാമ്പത്തിക വർഷം ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം പട്ടികവർഗ്ഗക്കാർക്ക് അനുവദിച്ച 4395 വീടുകൾക്ക് വീടൊന്നിന് ഒരു ലക്ഷം രൂപ വച്ച് അനുവദിക്കേണ്ട 43.95 കോടി രൂപയിൽ ജില്ലാ ബ്ലോക്ക് ഗ്രാമ പഞ്ചായത്തുകളുടെ 2016-17 ലെ വാർഷിക പദ്ധതിയിൽപ്പെടുത്തി അനുവദിച്ച തുക കഴിച്ച് ബാക്കി വന്ന 27,02,90,111/- രൂപയിൽ 20.5123 കോടി രൂപ 2016-17 സാമ്പത്തിക വർഷത്തെ PMAY പദ്ധതി വിഹിതത്തിൽ നിന്നും കണ്ടെത്തുന്നതിനും അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ